പുതിയ ബസ് സർവ്വീസുകൾ

36 (823) ശ്രീ. പി. കെ. അബ്ദുറബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും ഗതാഗതവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) താനൂർ നിയോജക മണ്ഡലത്തിലൂടെ എം. എൽ. എ. ആവശ്യപ്പെട്ടത് അനുസരിച്ച് ഏതൊക്കെ കെ. എസ്. ആർ. ടി. സി. ബസ് സർവ്വീസുകൾ ആരംഭിച്ചു ;

(ബി) ഏതൊക്കെ സർവ്വീസുകൾ ആരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത് ;

(സി) എം. എൽ. എ. സർവ്വീസായി ഏതു സർവ്വീസ് തുടങ്ങുവാനാണ് ആവശ്യപ്പെടുന്നത് ;

(ഡി) പ്രസ്തുത ആവശ്യം അംഗീകരിച്ചോ ;

(ഇ) ഇല്ലെങ്കിൽ ഇത്രയും വർഷങ്ങളായിട്ടും സർവ്വീസ് ആരംഭിക്കാത്തതിന്റെ കാരണം വ്യക്തമാക്കുമോ ;

(എഫ്) എം. എൽ. എ. സർവ്വീസും മറ്റു സർവ്വീസുകളും എന്നത്തേയ്ക്ക് ആരംഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) സർവ്വീസ് നിർത്തിവച്ചിരുന്ന താനൂർ നിയോജകമണ്ഡലത്തിലൂടെയുള്ള കെ. എസ്. ആർ. ടി. സി. ബസ് സർവീസുകൾ പുനരാരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. അവ ഇനി പറയുന്നവയാണ്. (1) തൃശൂർ - താനൂർ (2) എറണാകുളം - കോഴിക്കോട് വഴി പരപ്പനങ്ങാടി (3) കോഴിക്കോട് - തിരുവനന്തപുരം വഴി പരപ്പനങ്ങാടി (4) പൊന്നാനി - താനൂർ (5) പൊന്നാനി - കോഴിക്കോട് എയർപോർട്ട് വഴി പരപ്പനങ്ങാടി (6) മലപ്പുറം - താനൂർ (7) ആലുവ - കോഴിക്കോട്. താനൂർ മേഖല പ്രൈവറ്റ് ബസുകളുടെ കടുത്ത മത്സരം നേരിടുന്ന സ്ഥലമാണ്. ദേശസാൽകൃത മേഖലകളിൽ കൂടുതൽ സർവീസുകൾ ഓടിക്കേണ്ടതുകൊണ്ട് മുകളിൽ പറഞ്ഞ സർവീസുകൾ ഒന്നും തന്നെ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(സി,ഡി&ഇ) എം. എൽ. എ. സർവീസായി തിരുവനന്തപുരം - പരപ്പനങ്ങാടി സർവ്വീസ് ആരംഭിക്കണമെന്നാണ് ആവശ്യപ്പെട്ടിരുന്നത്. തിരുവനന്തപുരം തൃശൂർ സെക്ടറിൽ ഇപ്പോൾ തന്നെ ധാരാളം സർവ്വീസുകളുണ്ട്. തിരൂർ - താനൂർ - പരപ്പനങ്ങാടി സെക്ടറുകളിൽ പ്രൈവറ്റ് ബസുകൾ ധാരാളം ഉള്ളതുകൊണ്ട് തിരുവനന്തപുരത്തുനിന്നും പരപ്പനങ്ങാടിയിലേക്ക് ഒരു പുതിയ സർവ്വീസ് ആരംഭിച്ചാൽ കെ. എസ്. ആർ. ടി. സി. ക്ക് ലാഭകരമായിരിക്കില്ല.

(എഫ്) ദേശസാൽകൃത മേഖലകളിൽ കൂടുതൽ ബസുകൾ ഓടിക്കേണ്ടതു കൊണ്ടും ബസുകളുടെ കുറവുകാരണവും എം. എൽ. എ. സർവ്വീസും മറ്റു സർവ്വീസുകളും തൽക്കാലം ആരംഭിക്കാൻ നിർവാഹമില്ല.

LIBRARY ARCHIVES Kerala Legislative Assembly